# മാറാടും മനുഷ്യാവകാശവും

ഹമീദ് വാണിമേൽ

**നാലു** വർഷം പിന്നിട്ട മാറാട് സംഭവം ഇന്ന് പൊതുസമൂഹത്തിൽ സജീവ ചർച്ചാവിഷയമല്ല. അതിനാൽ, സംശയിക്കപ്പെട്ടതിന്റെ പേരിൽ ജീവിതം ദുരിതത്തിലായ നിരവധി കുടുംബങ്ങളുടെ വേദനകളും തേങ്ങലുകളും ആരും കാണാതെ പോകുന്നു. 2003 മെയ് 2-ന് 9 പേർ കൊലചെയ്യപ്പെട്ടത് മതസൗഹാർദത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും കടക്കൽ കത്തിവെച്ച വലിയ ഒരു അത്യാഹിതം തന്നെയായിരുന്നു. ഈ കൊലപാതകത്തെ ന്യായീകരിക്കാൻ മനസ്സാക്ഷിയുള്ള ഒരാൾക്കും സാധിക്കുകയില്ല. അതോടൊപ്പം ഈ സംഭവത്തിന്റെ പേരിൽ എല്ലാം ഇട്ടെറിഞ്ഞ് പലായനം ചെയ്തിരുന്ന നാനൂറു കുടുംബങ്ങളുടെ ഇന്നത്തെ അവസ്ഥയും മനുഷ്യാവകാശപ്രവർത്തകരുടെ മുന്നിലെ ഏറ്റവും വലിയ ചോദ്യചിഹ്നമാണ്. അവരിൽ ചിലർ സ്വന്തം കിടപ്പാടം കിട്ടുന്ന വിലയ്ക്ക് വിറ്റ് സ്ഥലം മാറി. മറ്റു ചിലർ ഭയത്തിന്റെ മുൾമുനയിൽ അവിടെത്തന്നെ കഴിച്ചുകൂട്ടുന്നു. സ്വന്തം ദേശത്ത് സമാധാനപൂർണമായ ജീവിതം നഷ്ടപ്പെട്ടവർ ഇനിയും അത് തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. പാവപ്പെട്ട കുടുംബങ്ങളിലെ താങ്ങും തണലുമായ പുരുഷന്മാരിൽ പലരും നാലുവർഷമായി ജയിലറകളിലാണ്. ഇതിൽ നല്ലൊരു ശതമാനം നിരപരാധികളാണെന്ന് എല്ലാവരും സമ്മതിക്കുന്നു. ഉറ്റവരുടെ നീണ്ടകാലത്തെ ജയിൽവാസം സമ്മാനിച്ച ജീവിതദുരിതങ്ങൾ ഈ കുടുംബങ്ങളുടെ ഏറ്റവും വലിയ മനുഷ്യാവകാശ പ്രശ്നമായിത്തന്നെ കാണണം.

സാമൂഹിക സംഘടനകൾ നാലു വർഷമായി നൽകുന്ന അത്യാവശ്യജീവിതസൗകര്യങ്ങളാണ് ഇവരിൽ പലരുടെയും മുഖ്യ ആശ്രയം. സ്ത്രീകൾ കഠിനമായി ജോലിചെയ്താണ് പല കുടുംബങ്ങളും പുലരുന്നത്. മറ്റു ചിലർ ബന്ധുക്കളുടെ കാരുണ്യത്തിൽ കഴിഞ്ഞുകൂടുന്നു. സാമുദായിക സംഘർഷത്തിൽ വിമോചനത്തിന്റെ സ്വർഗമുണ്ടെന്ന് വിശ്വസിക്കുന്നവർക്കല്ലാതെ മറ്റാർക്കാണ് മാറാടിന്റെ ഇന്നത്തെ അവസ്ഥയിൽ ദുഃഖിക്കാതിരിക്കാൻ പറ്റുക.

കലാപവും അതിനു ശേഷം നീണ്ടുപോകുന്ന 137 പേരുടെ ജയിൽവാസവും വർഗീയ-തീവ്രവാദശക്തികൾ മുതലെടുക്കുമ്പോൾ, മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾക്കും മനുഷ്യാവകാശ പ്രവർത്തകർക്കും മാറാടിന്റെ മണ്ണിൽ സ്ഥാനം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. മാറാട്ടേക്ക് ജയിൽവാസികളെ തിരിച്ചുവരാൻ അനുവദിക്കില്ല എന്നൊരു കൂട്ടർ. മാറാട്ടെ കുടുംബങ്ങളിൽ സാമുദായിക വികാരം തിളപ്പിക്കാൻ ശ്രമിക്കുന്ന മറ്റൊരു കൂട്ടർ. അവർഗീയ മതേതര മനുഷ്യാവകാശ പ്രവർത്തകരാവട്ടെ നിസ്സംഗരും. ഇതിനിടയിലും മാറാടിന്റെ സമാധാനജീവിതം തിരിച്ചുപിടിക്കാൻ വഴിയെന്തെന്ന അന്വേഷണത്തിന് പ്രസക്തിയുണ്ട്.

ഇതിൽ മുഖ്യ പങ്ക് നിർവഹിക്കേണ്ടത് രാഷ്ട്രീയപാർട്ടികളും ഭരണകൂടവുമാണ്. നിയമത്തിനപ്പുറം മനുഷ്യബന്ധങ്ങളെ ശക്തിപ്പെടുത്താനുള്ള സാംസ്കാരികാന്തരീക്ഷം രൂപപ്പെടുത്താൻ സർക്കാറിന് സാധിക്കണം. ജയിൽമോചിതരാകുന്ന നിരപരാധികളുടെ സാന്നിധ്യം മാറാടിന്റെ മണ്ണിൽ പുതിയ കലാപത്തിന് വഴിയൊരുക്കുകയില്ലെന്ന് സർക്കാർ ഉറപ്പുവരുത്തണം. പിന്നിട്ട കടുത്ത ജീവിതാനുഭവങ്ങളിൽനിന്ന് ഏതൊരു ജനതയും പാഠം ഉൾക്കൊള്ളും. ജീവിതദുരിതങ്ങൾ പ്രതികാരം മാത്രമല്ല സൃഷ്ടിക്കുക. സാമൂഹികമായ നല്ല മാറ്റത്തിനും അത് പ്രേരകമാവാറുണ്ട്

1975 മുതൽ കലാപകലുഷിതമായ നാദാപുരം, രണ്ടര പതിറ്റാണ്ട് നീണ്ട പ്രത്യക്ഷത്തിൽ രാഷ്ട്രീയവും അടിവേരുകളിൽ സാമുദായികവുമായ കലാപങ്ങളിൽനിന്ന് എങ്ങനെ മാറിച്ചിന്തിച്ചുവെന്ന് പഠനവിധേയമാക്കേണ്ടതാണ്.

ഇതിൽ രാഷ്ട്രീയ പാർട്ടികളും സർക്കാരും സാമൂഹിക പ്രവർത്തകരും വഹിച്ച പങ്ക് വിലപ്പെട്ടതാണ്. നീണ്ട സംഘട്ടനങ്ങൾക്കൊടുവിൽ ആർക്കു വേണ്ടിയാണീ പോര് എന്ന പുനരാലോചനയിൽനിന്ന് രൂപപ്പെട്ടതാണ് നാദാപുരത്തിന്റെ സമാധാനം. സംഘട്ടനകാലത്തെ ദുരിതവും ജയിൽജീവിതവും കോടതി വരാന്തയും പ്രതികാരമല്ല, തിരിച്ചറിവാണ് നാദാപുരത്തിന് നൽകിയത്. ഇതുതന്നെയാണ് മാറാട്ടുനിന്നും പ്രതീക്ഷിക്കുന്നത്.

മനുഷ്യാവകാശ പ്രവർത്തകർ നിരപരാധികളുടെ ജയിൽമോചനത്തിനു വേണ്ടി രംഗത്തുവരണം. മൃഗീയമായ ക്രൂരകൃത്യത്തിന് കൂട്ടുനിന്നവർ ആരായാലും ശിക്ഷിക്കപ്പെടണം. എന്നാൽ ഇതിനു നടുവിൽ നിരപരാധികളുണ്ടെന്ന വസ്തുത വിസ്മരിക്കരുത്. പ്രായമുള്ളവരും രോഗികളും കുട്ടികളുമടക്കം നിരപരാധികളുടെ മോചനം എന്തുകൊണ്ട് ഒരു മനുഷ്യാവകാശ പ്രശ്നമായി ഉയർന്നുവരുന്നില്ല? മനുഷ്യാവകാശത്തിന്റെ മറവിൽ കുറ്റവാളികൾ രക്ഷപ്പെടരുതെന്ന് നിർബന്ധമുള്ളതോടൊപ്പം, നിരപരാധികളുടെ മനുഷ്യാവകാശം തടയപ്പെടാനും ഇടയാകരുത്. മഅ്ദനിയടക്കമുള്ളവരുടെ മനുഷ്യാവകാശപ്രശ്നങ്ങളോട് വൈകി പ്രതികരിച്ചതിന്റെ മനസ്സാക്ഷിക്കുത്ത് പങ്കുവെക്കുന്ന ഈ വേളയിൽ കുറ്റവാളികളല്ലാത്തവർക്കു വേണ്ടി സാധ്യമാകുന്നത് ചെയ്യാൻ മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ സന്നദ്ധമാകണം.

മാറാട് പ്രശ്നത്തിൽ മാധ്യമപ്രവർത്തകർ കാണിച്ച പക്വതയും സംയമനവും നല്ല മാതൃകയാണ്. സാമുദായിക കലാപത്തിന്റെ അഗ്നികുണ്ഡമായി തീരദേശമൊന്നടങ്കം മാറുമോയെന്ന ഭീതി പടർന്ന സാഹചര്യത്തിൽ വിവേകപൂർവകമായ സമീപനം സ്വീകരിക്കാൻ മീഡിയക്ക് സാധിച്ചു. നിരപരാധികളുടെ ജയിൽമോചനത്തിനും മാറാടിന്റ സമാധാനപൂർണമായ ജീവിതത്തിനും ഇനിയും പോസിറ്റീവായി പ്രതികരിക്കാൻ മാധ്യമങ്ങൾ മുന്നോട്ടുവരണം.

മത സാംസ്കാരിക സംഘടനകൾ മാറാടിന്റെ മനുഷ്യാവകാശ പ്രശ്നങ്ങളിൽനിന്ന് മാറിനിൽക്കുന്നത് ശരിയല്ല. സാമുദായികവൈരം ബാധിച്ച മനസ്സുകളെ മതമൂല്യങ്ങളുടെ മനുഷ്യസ്നേഹ

പരതയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ മതനേതൃത്വത്തിന് സാധിക്കണം. മതസാംസ്കാരിക സമൂഹത്തിന്റെ സാന്നിധ്യം ശക്തമായ കോഴിക്കോടിന്റെ തീരദേശത്തെ ശാന്തിയിലേക്ക് കൊണ്ടുവരുന്നതിൽനിന്ന് മതനേതൃത്വത്തിന് എങ്ങനെ മാറിനിൽക്കാനാവും? മതനേതൃത്വം സാമൂഹികപ്രശ്നങ്ങളിലിടപെടാൻ പാടില്ലെന്ന് വാശിപിടിക്കുന്ന രാഷ്ട്രീയ നേതൃത്വവും, ഇതൊന്നും ഞങ്ങളുടെ ആത്മീയഭൂമികയിൽ പെട്ടതല്ലെന്ന് വിശ്വസിക്കുന്ന മതനേതൃത്വവും ആരിലേക്കാണ് ഇത്തരം പ്രദേശങ്ങളുടെ നേതൃത്വം പോകുന്നതെന്ന് മനസ്സിലാക്കുന്നില്ല. മത സാംസ്കാരിക നേതൃത്വത്തിന്റെ ഇഛാശക്തിയോടെയുള്ള ഇടപെടൽ ദൈവവിശ്വാസികളിൽ മാനസികമാറ്റം ഉണ്ടാക്കും. മാറാട് കലാപത്തിന്റെ സമയത്ത് പ്രദേശം സന്ദർശിക്കാൻ വരെ മത, മനുഷ്യാവകാശ പ്രവർത്തകർ അറച്ചുനിന്നപ്പോൾ ജമാഅത്തെ ഇസ്‌ലാമിയുടെ അന്നത്തെ സംസ്ഥാന അമീർ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ മാറാടിന്റെ മണ്ണിലേക്ക് കടന്നുചെല്ലുകയുണ്ടായി. ആദ്യമൊക്കെ മുറുമുറുപ്പോടെ പ്രതികരിച്ച അരയസമാജം പ്രവർത്തകരെ പോലും സൗഹാർദത്തിന്റെ വാക്കുകൾകൊണ്ട് സമാധാനിപ്പിച്ച് തിരിച്ചുവരാൻ അദ്ദേഹത്തിന് സാധിച്ചു. ഇതാണ് മതനേതൃത്വത്തിൽനിന്ന് കേരളീയസമൂഹം പ്രതീക്ഷിക്കുന്നത്.

ജയിലറകളിൽ ദുരിതം പേറുന്ന നിരപരാധികളുടെ ജയിൽമോചനശ്രമങ്ങൾക്കും മാറാടിന്റെ മതസൗഹാർദ നിർമിതിക്കും ഇനിയും അവസരങ്ങൾ നഷ്ടപ്പെട്ടിട്ടില്ല. മനുഷ്യമനസ്സുകളുടെ മാറ്റമാണ് മാറാടിന്റെ മാറ്റത്തിന്റെ മുഖ്യവഴിയെന്ന് എല്ലാവരും തിരിച്ചറിയണം. ■